**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2352** **12-02-2024 - ൽ മറുപടിയ്ക്ക്**

**സഞ്ചരിക്കുന്ന റേഷൻകട പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സഞ്ചരിക്കുന്ന റേഷൻകട പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ; | (എ) | ഒറ്റപ്പെട്ട ഗോത്രവർഗ്ഗ ഊരുകളിൽ താമസിക്കുന്ന ഗോത്രവർഗ്ഗ കുടുംബങ്ങൾക്ക് അവർക്ക് അർഹതപ്പെട്ട റേഷൻ സാധനങ്ങൾ ചൂഷണത്തിനു വിധേയമാകാതെ അവരുടെ താമസസ്ഥലങ്ങളിൽ നേരിട്ട് എത്തിച്ചു നൽകുകയെന്നതാണ് സഞ്ചരിക്കുന്ന റേഷൻ കട പദ്ധതി വിഭാവനം ചെയ്യുന്നത്. |
| (ബി) | ഇപ്പോൾ എവിടെയൊക്കെയാണ് ഇതിന്റെ പ്രയോജനം ലഭ്യമാകുന്നത്; എത്ര വാഹനങ്ങളിലാണ് റേഷൻ വിതരണം നടത്തുന്നത്; | (ബി) | നിലവിൽ തിരുവനന്തപുരം, പത്തനംതിട്ട, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, വയനാട് എന്നീ ജില്ലകളിലായി കാട്ടാക്കട, നെടുമങ്ങാട്, റാന്നി, കോന്നി, തൊടുപുഴ, പീരുമേട്, ദേവികുളം, കോതമംഗലം, തൃശ്ശൂർ, ചാലക്കുടി, പാലക്കാട്, മണ്ണാർക്കാട്, നിലമ്പൂർ, താമരശ്ശേരി, തലശ്ശേരി, ഇരിട്ടി, തളിപ്പറമ്പ്, വൈത്തിരി, മാനന്തവാടി എന്നീ താലൂക്കുകളിലെ ഒറ്റപ്പെട്ട ഗോത്രവർഗ്ഗ ഊരുകളിൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. സ്വകാര്യ വ്യക്തികളിൽ നിന്നും കരാർ വ്യവസ്ഥയിൽ വാടകയ്ക്കെടുക്കുന്ന വാഹനങ്ങളിൽ താലൂക്ക് തലത്തിൽ വിതരണം നടത്തി വരുന്നു. |
| (സി) | കൂടുതൽ സ്ഥലങ്ങളിലേക്ക് പ്രസ്തുത പദ്ധതി വിപുലപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | (സി) | ശുപാർശകൾ ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ